പതിമൂന്നാം കേരള നിയമസഭ
പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ - 122 16.03. 2015- ലെ മറുപടി

## പ്രവാസി പുനരധിവാസപദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. സുരേഷ് കുറുപ്പ്<br>ശ്രീ. കെ. വി. അബ്ദുൾ ഖാദർ<br>ശ്രീ. എ. പ്രദീപ് കുമാർ<br>ശ്രീ. എ. എം. ആരിഫ് | ശ്രീ. കെ. സി. ജോസഫ്<br>*(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും നോർക്കയും വകുപ്പ് മന്ത്രി)* |
| (എ) പ്രവാസി പുനരധിവാസപദ്ധതി കൊണ്ട് എന്തെല്ലാമാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ ; | (എ) വിദേശരാജ്യങ്ങളിൽ നിന്നും വിവിധ സാഹചര്യങ്ങളിൽ തൊഴിൽ നഷ്ടപ്പെട്ട് തിരികെയെത്തുന്ന മലയാളികൾക്ക് സുസ്ഥിര വരുമാനമാർഗ്ഗം കണ്ടെത്തുന്നതിന് സഹായിക്കുക എന്നതാണ് പ്രവാസി പുനരധിവാസപദ്ധതിയുടെ ഉദ്ദേശ്യം. തിരികെയെത്തിയ പ്രവാസികളെ സംരംഭകരാക്കുന്നതിന് മാർഗ്ഗനിർദ്ദേശം നൽകുകയും മൂലധന സബ്സിഡിയും പലിശ സബ്സിഡിയും നൽകി ബാങ്ക് വായ്പ ലഭ്യമാക്കി അവരെ പ്രത്യേക ഉപഭോക്താക്കളായി പരിഗണിച്ച് സർക്കാർ നടപടിക്രമങ്ങൾ പാലിച്ചുകൊണ്ട് പുതിയ സംരംഭങ്ങൾ ആരംഭിക്കുന്നതിന് ആവശ്യമായ കൈതാങ്ങൽ നൽകുകയുമാണ് ഇതിന്റെ ഭാഗമായി നടപ്പാക്കിവരുന്ന നോർക്ക ഡിപ്പാർട്ട്മെന്റ് പ്രോജക്ട് ഫോർ റിട്ടേൺ എമിഗ്രന്റ്സ് (NDPREM) എന്ന പദ്ധതി വിഭാവനം ചെയ്യുന്നത്. |
| (ബി) പ്രവാസി പുനരധിവാസപദ്ധതിയുടെ പ്രയോജനം അവർക്ക് ലഭിച്ചു തുടങ്ങിയോയെന്നും ഇല്ലെങ്കിൽ അതിന്റെ കാരണവും വ്യക്തമാക്കാമോ ; | ബി) പ്രവാസി പുനരധിവാസ പദ്ധതിയുടെ പ്രയോജനം അവർക്ക് ലഭിച്ചു തുടങ്ങിയിട്ടുണ്ട്. |

(സി) പ്രവാസികളുടെ പ്രശ്നങ്ങൾ പഠിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ പഠിക്കുന്നതിനും അവ വേഗത്തിൽ പരിഹരിക്കാനും നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കാമോ ?

(സി) ആഗോളതലത്തിൽ ഉണ്ടായ സാമ്പത്തികമാന്ദ്യം സംസ്ഥാനത്ത് നിന്നും ജോലി തേടി പോകുന്നവരിലും, വിദേശധനത്തിന്റെ വരവിലും ഉണ്ടാക്കിയിട്ടുള്ള ആഘാതത്തെപ്പറ്റി സെന്റർ ഫോർ ഡെവലപ്പ്മെന്റ് സ്റ്റഡീസ് വഴി സംസ്ഥാന സർക്കാർ പഠനം നടത്തിയിരുന്നു. പ്രവാസികളുടെ പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെടുന്നമുറയ്ക്ക് അടിയന്തിരപരിഹാരനടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ പ്രവാസികൾ വ്യക്തിപരമായും പ്രവാസി സംഘടനകൾ മുഖേനയും ഉന്നയിക്കുന്ന പ്രശ്നങ്ങൾ പോലീസ് അധികാരികൾ, ബന്ധപ്പെട്ട വകുപ്പുകൾ എന്നിവ മുഖേനയും എംബസ്സി മുഖാന്തിരവും പരിഹാരം കണ്ടെത്തുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു. പ്രവാസികളുടെ പ്രശ്നം കൂടി പഠിക്കുക എന്ന ഉദ്ദേശത്തോടുകൂടി കാലാകാലങ്ങളായി ആഗോള പ്രവാസി കേരളീയ സംഗമം നടത്താറുണ്ട്. ഇതിൽ ഉരുത്തിരിഞ്ഞിട്ടുള്ള പ്രശ്നങ്ങൾക്ക് സമയബന്ധിതമായി പരിഹാരം കാണുവാൻ ശ്രമിക്കുന്നുണ്ട്.

സെക്ഷൻ ഓഫീസർ